Reg. No. : ..............................

Name : ..................................

**FY 534**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – III

## HISTORY

**Maximum : 80 Scores**

**(Map Accompanied)**

Time : 2½ Hours

Cool-off Time : 15 Minutes

---

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use the 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.

Score

1. കോളം 'A' യോട് യോജിക്കുന്നവ 'B' യിൽ നിന്ന് കണ്ടെത്തി പട്ടിക ക്രമീകരിക്കുക. (4×1=4)

| A | B |
|---|---|
| ഫ്രാൻസിസ്കോ ബാർബറോ | സ്വിറ്റ്സർലന്റ് |
| ലോറൻസൊ വാല്ല | കോസ്മോഗ്രാഫിക്കൽ മിസ്റ്ററി |
| ഉൾറിച്ച് സ്വിംഗ്ലി | ഓൺ പ്ലെഷർ |
| ജോഹന്നാസ് കെപ്ലർ | വെനീസ് |

2 മുതൽ 7 വരെയുള്ള ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഒരു സ്കോർ വീതം. (4×1=4)

2. ക്രിസ്റ്റഫർ കൊളംബസ് തന്റെ യാത്ര ആരംഭിച്ചത്

A) ബഹാമസ് B) പാലോസ് C) ഫ്ലോറൻസ് D) ലിസ്ബൺ

3. മെക്സിക്കോ കണ്ടെത്തിയത്

A) ഹെർനാൻ കോർട്ടെസ് B) വാസ്കോ ഡ ഗാമ

C) ഫ്രാൻസിസ്കോ പിസാറോ D) അമേരിഗോ വെസ്പുച്ചി

4. താഴെപ്പറയുന്നവയിൽ ഏതാണ് ഏലി വിറ്റ്നി കണ്ടുപിടിച്ചത് ?

A) മ്യൂൾ B) കോട്ടൺ ജിൻ

C) വാട്ടർ ഫ്രെയിം D) സ്പിന്നിംഗ് ജെന്നി

5. മനുഷ്യശരീരം ആദ്യമായി കീറിമുറിച്ച് പരിശോധിച്ചതാരാണ് ?

A) ലിയോനാർഡോ ഡാവിഞ്ചി B) തോമസ് മൂർ

C) പെട്രാർക്ക് D) ആൻഡ്രിയസ് വെസേലിയസ്

6. വാസ്കോ ഡ ഗാമ ഇന്ത്യയിലേക്കുള്ള ഒരു കടൽപ്പാത കണ്ടുപിടിച്ച വർഷം

A) 1498 B) 1486 C) 1453 D) 1492

7. "ദ പഫിംഗ് ഡെവിൾ" നിർമ്മിച്ചതാരാണ് ?

A) ജെയിംസ് വാട്ട് B) സ്റ്റീഫൻസൺ

C) ജെയിംസ് ബ്രിൻഡ്ലി D) റിച്ചാർഡ് ട്രെവിത്തിക്ക്

Score

8. ചുവടെ തന്നിട്ടുള്ളവയെ കാലഗണനാ ക്രമത്തിൽ എഴുതുക. (4×1=4)

- റുസ്സോ-ജപ്പാനീസ് യുദ്ധം
- ഒന്നാം കറുപ്പ് യുദ്ധം
- ടോക്കിയോ ഒളിമ്പിക്സ്
- ചൈനയിലെ ലോങ് മാർച്ച്

9. തന്നിട്ടുള്ള ലോകത്തിന്റെ രൂപരേഖയിൽ താഴെക്കൊടുത്തിരിക്കുന്നവ അടയാളപ്പെടുത്തുക. (4×1=4)

- ബാഗ്ദാദ്
- സഹാറ മരുഭൂമി
- മക്ക
- റോം

10 മുതൽ 18 വരെയുള്ള ഏതെങ്കിലും എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. രണ്ട് സ്കോർ വീതം. (8×2=16)

10. ക്യൂണിഫോം എന്താണ് ?

11. യാം, യാസ എന്നിവ തമ്മിലുള്ള വ്യത്യാസം എഴുതുക.

12. ഫ്യൂഡലിസം നിർവ്വചിക്കുക.

13. നവോത്ഥാന മനുഷ്യൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്തെന്ന് എഴുതുക.

14. മെസൊപ്പൊട്ടേമിയൻ നാഗരികതയുമായി ബന്ധപ്പെട്ട രണ്ട് നദികളുടെ പേരുകൾ എഴുതുക.

15. പതിനെട്ടാം നൂറ്റാണ്ടിൽ ലണ്ടൻ ഒരു പ്രധാന വ്യാപാര കേന്ദ്രമായി ഉയർന്നത് എന്തുകൊണ്ടാണ് ?

16. ജപ്പാനിലെ മെയ്ജി പുനഃസ്ഥാപനം എന്നാലെന്ത് ?

17. പതിനഞ്ചാം നൂറ്റാണ്ടിൽ ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങൾ നടത്താൻ യൂറോപ്യന്മാരെ പ്രേരിപ്പിച്ച ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.

18. മെസൊപ്പൊട്ടേമിയയുടെ ഭൂമിശാസ്ത്രത്തെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.

Score

**19 മുതൽ 21 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. മൂന്ന് സ്കോർ വീതം.**

**(2×3=6)**

19. ആദിമ മനുഷ്യൻ ഭക്ഷണം സമ്പാദിച്ചതെങ്ങനെ ?

20. ഹിജ്റയെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.

21. ഹോമോയുടെ മൂന്ന് വിഭാഗങ്ങളും അവയുടെ സവിശേഷതകളും പട്ടികപ്പെടുത്തുക.

**22 മുതൽ 26 വരെയുള്ള ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. നാല് സ്കോർ വീതം.**

**(4×4=16)**

22. ഗണിതശാസ്ത്രത്തിലും സമയം കണക്കാക്കുന്നതിലും മെസൊപ്പൊട്ടേമിയയുടെ സംഭാവനകൾ വിശദീകരിക്കുക.

23. ചെങ്കിസ് ഖാന്റെ സൈനിക സംവിധാനം വിവരിക്കുക.

24. ഇറ്റലിയിൽ മാനവിക സംസ്കാരത്തിന്റെ ദ്രുതഗതിയിലുള്ള വ്യാപനത്തിന് അച്ചടി സാങ്കേതികവിദ്യ എങ്ങനെ സഹായിച്ചു ?

25. വ്യാവസായിക വിപ്ലവം ആരംഭിക്കുന്നതിൽ ബ്രിട്ടന് അനുകൂലമായ ഘടകങ്ങൾ പട്ടികപ്പെടുത്തുക.

26. സ്വർണ്ണത്തിനായുള്ള ഇരച്ചുകയറ്റം പത്തൊൻപതാം നൂറ്റാണ്ടിൽ അമേരിക്കയിൽ വ്യവസായങ്ങളുടെ വളർച്ചയെ സ്വാധീനിച്ചതെങ്ങനെ ?

**27 മുതൽ 29 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. അഞ്ച് സ്കോർ വീതം.**

**(2×5=10)**

27. ആധുനിക മനുഷ്യന്റെ ഉത്ഭവ സ്ഥലത്തെക്കുറിച്ചുള്ള രണ്ട് വ്യത്യസ്ത അഭിപ്രായങ്ങൾ ഏതൊക്കെയാണ് ? വിശദീകരിക്കുക.

28. ആദ്യകാല റോമൻ സാമ്രാജ്യത്തിലെ വിവിധ സാമൂഹിക ശ്രേണികൾ വിവരിക്കുക.

29. ആസ്ടെക് സംസ്കാരത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.

**30 മുതൽ 32 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. എട്ട് സ്കോർ വീതം.**

**(2×8=16)**

30. ആദ്യകാല റോമൻ സാമ്രാജ്യത്തിലെ സാമ്പത്തിക വിപുലീകരണം വിശദീകരിക്കുക.

31. ഇസ്ലാം ലോകത്തിന് നൽകിയ സംഭാവനകൾ എന്തെല്ലാം ? വിശദമാക്കുക.

32. മധ്യകാല യൂറോപ്പിലെ മൂന്ന് ക്രമങ്ങൾ വിലയിരുത്തുക.

    പരിഗണിക്കേണ്ട മേഖലകൾ :

    - പുരോഹിതർ
    - പ്രഭുവർഗം
    - കർഷകർ.